# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏഴിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി12-209/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏഴിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി12-209/23 തീയ്യതി: 12/04/2023

## എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പോളി.ടി.ഒ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ സജീവ് എൻ.എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പുഷ്പ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബെറ്റ്സി.സി.എക്സ്.ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ കെ.ഡി.വിൻസെന്റ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ബീന ജോസഫ് | സെക്രട്ടറി | 01-04-2021 | 09-05-2021 |
| ശ്രീമതി സിന്ധു.സി.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-05-2021 | 06-07-2021 |
| ശ്രീ അബ്ദുൾ ഹക്കീം | സെക്രട്ടറി | 07-07-2021 | 21-11-2021 |
| ശ്രീമതി സിന്ധു.സി.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-11-2021 | 26-01-2022 |
| ശ്രീമതി ദീപകുമാരി.എം.കെ | സെക്രട്ടറി | 27-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിന്ധു.സി.ടി | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.ബി.പ്രീതി | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ ധന്യ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.നിഷ.കെ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി മേഘന.ടി.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി സരിത മോഹൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ലിനറ്റ് ഫെർണാഡസ് | ഹെഡ് മിസ്ട്രസ്,GLPS,നന്ത്യാട്ട് കുന്നം | 01-04-2021 | 09-12-2021 |
| ശ്രീമതി ആനി മാത്യൂ | ഹെഡ് മിസ്ട്രസ്,GLPS,നന്ത്യാട്ട് കുന്നം | 10-12-2021 | 31-03-2022 |
| ശ്രീമതി സീന അഗസ്റ്റിൻ | സബ് ഇൻസ്പെക്ടർ,ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി രശ്മി രാമചന്ദ്രൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ ഷിജ്ജ.ആർ | വെറ്റിനറി സർജൻ | 01-04-2021 | 15-12-2021 |
| ശ്രീമതി രമ്യ പി.രവീന്ദ്രൻ | വെറ്റിനറി സർജൻ | 16-12-2021 | 31-03-2022 |
| ശ്രീമതി ലിജി.കെ.വി. | വി.ഇ.ഒ ഏഴിക്കര സർക്കിൾ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ബീന.കെ.പി | വി.ഇ.ഒ കോട്ടുവള്ളി സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി രാജി | ഐ.സി.ഡിഎസ്. സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി അനുമോൾ.പി.കെ | ഐ.സി.ഡിഎസ്. സൂപ്പർവൈസർ | 16-11-2021 | 31-03-2022 |

--

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-11 |
| 13 | കോളേജ് കെട്ടിടത്തിന് ഇതുവരെ പെർമിറ്റ് നൽകുകയോ കെട്ടിടം അസ്സസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. | 1-12 |
| 14 | ലക്ഷം വീട് വഴി കയ്യേറിയ പരാതി - നിലവിലെ അവസ്ഥ ലഭ്യമല്ല. | 1-13 |
| 15 | CRZ - മാനദണ്ഡങ്ങൾ പാലിക്കാതെ പണിത കെട്ടിടങ്ങളുടെ വസ്തു നികുതി സംബന്ധിച്ച്. | 1-14 |
| 16 | വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച് | 1-15 |
| 17 | അങ്കണവാടി പോഷകാഹാര വിതരണം അപാകത | 1-16 |
| 18 | സ്വയംതൊഴിലിന് ഇരുചക്രവാഹനം നൽകിയതിലെ അപാകത | 1-17 |
| 19 | തുടർ സാക്ഷരത പദ്ധതിയിലെ അപാകത | 1-18 |
| 20 | ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ(ജനറൽ) അപാകത | 1-19 |
| 21 | വീട് പണി പൂർത്തീകരിച്ചിട്ടില്ല. | 1-20 |
| 22 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-21 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 23.03.2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1):ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 16-02-2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിലെ വിവരം ചുവടെ ചേർക്കുന്നു

| | ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് വിവരം | യഥാർത്ഥ വരവ്-ചെലവ് വിവരം |
|---|---|---|
| മുന്നിരിപ്പ് | (-)3289846 | 9206591.7 |
| വരവ് | 179958388 | 56832224 |
| ആകെ | 176668542 | 66038815.7 |
| ചെലവ് | 172351541 | 58591327 |
| നീക്കിയിരുപ്പ് | 4317001 | 7447488.7 |

ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ് നെഗറ്റീവ് ആയിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ തന്നെ യഥാർത്ഥ വരവ് ചെലവും പ്രതീക്ഷിത വരവ് ചെലവും തമ്മിൽ താരതമ്യം ചെയ്തിട്ടില്ല. എങ്കിലും ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെയല്ല തയ്യാറാക്കിയിട്ടുള്ളത് എന്ന് മനസ്സിലാകുന്നു. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെയും യുക്തിസഹമായും തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022. | 06.07.2022 |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. 2021-22 വർഷിക കണക്കുകളിലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ തിയതി കാണിച്ചിരിക്കുന്നത് 31/3/2022 ന് പകരം 31-3-2021 എന്നാണ്. ഐ.ടി. വിഭാഗവുമായി ബന്ധപ്പെട്ട് അപാകത പരിഹരിക്കേണ്ടതാണ്.

2. വാർഷിക കണക്കുകൾ പ്രകാരം Nationalised Bank Special Fund (450410102) എന്ന അക്കൗണ്ടിൽ 15,000/- രൂപ ബാലൻസുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമല്ല. ഇപ്രകാരം ഒരു അക്കൗണ്ട് നിലവിലില്ല എന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. M N Laksham Veedu Treasury A/c - ൽ ബാങ്ക് ബുക്ക് പ്രകാരം Rs. 10,500/- നീക്കിയിരുണ്ട് . എന്നാൽ ഇതിന്റെ പാസ്സ് ബുക്ക് പ്രകാരം നീക്കിയിരുപ്പ് ഒന്നും ഇല്ല. 10,500/- രൂപ 23-3-22- ൽ പാസ്സ് ബുക്ക് പ്രകാരം പിൻവലിച്ചിട്ടുണ്ട്. ഇത് പഞ്ചായത്ത് അക്കൗണ്ട്സിൽ വന്നിട്ടില്ല. ഇത് പിൻവലിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3, തീയതി. 13.02.2023) 17.02.2023 ൽ മറുപടി ലഭ്യമാക്കിയിരുന്നു.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 92,06,591.7 |
| വരവ് | 5,68,32,224 |
| ആകെ | 6,60,38,815.7 |
| ചെലവ് | 5,85,91,327 |
| നീക്കിയിരിപ്പ് | 74,47,488.7 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 95190 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 89,32,133 | 89,32,133 | 89,32,133 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 89,72,396 | 89,72,396 | 65,25,584 | 24,46,812 | |
| വികസനഫണ്ട്-ടി.എസ്.പി | 0 | 83500 | 83500 | 10250 | 73250 | |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 61,42,000 | 61,42,000 | 56,40,107 | 5,01,893 | |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 48,93,184 | 48,93,184 | 2932906 | 1960278 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic | 0 | 8,82,571 | 8,82,571 | 7,60,512 | 1,22,059 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied | 0 | 44,48,213 | 44,48,213 | 20,39,135 | 9,15,211 | 14,93,867 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied- Bank | 0 | 19,67,000 | 19,67,000 | 19,12,681 | 0 | 54319 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied- Bank | 0 | 27,33,316 | 27,33,316 | 27,21,675 | 0 | 11,641 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- അംഗൻവാടി പൂരക പോഷകാഹാരം-320100121 | 3,80,245 | 5,92,707 | 9,72,952 | 9,72,919 | 0 | 33 |
| -320100115-TSC | 87,469 | 0 | 87,469 | 0 | | 87,469 |
| 320200306-ലൈഫ് ഭവനം | 460000 | 2220000 | 2680000 | 1310000 | 0 | 1370000 |
| 320200309-സാക്ഷരത | 1221 | 0 | 1221 | 0 | 0 | 1221 |
| 320200322-ശുചിത്വ മിഷൻ | 1176696 | 280000 | 1456696 | 1428011 | 0 | 28685 |
| 320200399-ജനകീയ ഭവനം | 1,12,147 | 3374 | 115521 | 0 | 0 | 115521 |
| 320200103-സാനിറ്റേഷൻ | 1500387 | 740924 | 2241311 | 2068991 | 0 | 172320 |
| 320300199-ബഡ്സ് സ്കൂൾ | 665737 | 478350 | 1144087 | 665737 | 0 | 478350 |

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied- Bank എ.സി.ആർ പ്രകാരം 54319/-രൂപയാണ് നീക്കിയിരിപ്പ് ഉള്ളത്.എന്നാൽ ധനകാര്യപത്രികയിലെ ബി-4 ഷെഡ്യൂൾ പ്രകാരം 88146/-രൂപ കാണുന്നു.

പലിശയിനത്തിലുള്ള വരവാണ് ബാക്കിയുള്ള തുക.

* വികസനഫണ്ട് (ജനറൽ)-ജി.ഒ.പ്രോജക്റ്റ് തുക-9,92,333/-

** വികസനഫണ്ട് (എസ്.സി.പി)-ജി.ഒ.പ്രോജക്റ്റ് തുക-1,17,333/-

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 161 | 68888412 | 96 | 44050284 | 32 | 33 | 59.62 % |

പൂർത്തീകരിക്കാത്ത പദ്ധതികൾ അടുത്ത വർഷം സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1171 | 353409 | 354580 | 354515 | 65 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 27398741 | 27398741 | 27398741 | 0 |
| ആകെ | 1171 | 27752150 | 27753321 | 27753256 | 65 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5462000 | 346 |
| വിധവാപെൻഷൻ | 10915000 | 728 |
| വാർദ്ധക്യകാലപെൻഷൻ | 23330800 | 1802 |
| വി കലാംഗപെൻഷൻ | 3515400 | 224 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 1146400 | 74 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം അവിവാഹിതകൾക്കുള്ള ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2023 തീയതിയിൽ 3.00 പി.എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1431/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വെള്ളക്കരമിനത്തിൽ ഭീമമായ തുക വാട്ടർ അതോറിറ്റിയിൽ ഒടുക്കുവാൻ കുടിശ്ശികയായി കാണുന്നു. ടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കുവാനും, കുടിശ്ശിക തുകയുടെ കൃത്യത പരിശോധിക്കുവാനും സമയോചിതമായ നടപടികൾ കൈക്കൊണ്ടിട്ടില്ല.പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള മോണിറ്ററിംഗ് ഫലപ്രദമായ രീതിയിൽ നടത്തപ്പെടുന്നില്ല.ഇത്തരം അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.12.2022 | ഏപ്രിൽ 2022 മുതൽ നവംബർ 2022 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.10.2016 | 2011-12 മുതൽ 2015-16 വരെ | 22.04.2017 |

## 1-11 തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)(ii)എ(i) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. എന്നാൽ താഴെപ്പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ഗ്രാമ പഞ്ചായത്ത് അസിസ്റ്റൻറ് എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന കരാറുകാർ തൊഴിൽ ചെയ്തിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1. | സുരേഷ് ടി.ജി. |
| 2. | അഖിൽ വിജയൻ |
| 3. | ടി.എം. സിദ്ദിഖ് |
| 4. | സുനിൽ ബാബു |
| 5. | രാജേഷ് കെ.വി. |
| 6. | വിപിൻ കെ.വി. |
| 7. | ലിയാക്കത്തലി മൂപ്പൻ |
| 8. | സുധീഷ് പി.എസ്. |
| 9. | സുനീഷ് കെ. |
| 10. | ഉണ്ണി കെ.എ. |

| | |
|---|---|
| 11. | ഷജീർ പി.ബി. |
| 12. | നിഷാദ് വി.ജെ. |
| 13. | കെ.ആർ. സുജീവ് |
| 14. | കെ.എം. ജോർജ്ജ്കുട്ടി |
| 15. | അഖിൽ എ.ആർ. |
| 16. | അഖിൽ വിജയൻ |
| 17. | വിവേക് ആർ |
| 18. | പ്രിൻസ് എം.ജെ. |
| 19. | സന്ദീപ് എ.എസ്. |
| 20. | ടോം പി. |

മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും നിയമാനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2. പാലിയേറ്റീവ് കെയർ നഴ്സ്, അക്കൗണ്ട്സ് ഓഫീസർ ബി.എസ്.എൻ.എൽ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവരിൽ നിന്നും നിയമാനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇതിനോടനുബന്ധിച്ച് എൻക്വയറി (നം. 9/15.02.2023)കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-12 കോളേജ് കെട്ടിടത്തിന് ഇതുവരെ പെർമിറ്റ് നൽകുകയോ കെട്ടിടം അസ്സസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല.

2001 – ൽ കെട്ടിടം പണി തുടങ്ങി 2003 – ൽ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ച കോളേജ് കെട്ടിടത്തിന് ഇതുവരെ പെർമിറ്റ് നൽകുകയോ കെട്ടിടം അസ്സസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല.

SNDP Union North Paravur, Sree Narayana Arts & Science College, Kedamangalam – എന്ന കെട്ടിടം 2001 – ൽ പൂർത്തിയാക്കി 2003 – ൽ പ്രവൃത്തി ആരംഭിച്ച ഈ കോളേജിന് 27-9-2003 U O No. Ac A VII/I/2459/03 പ്രകാരം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ Self Financing And Science College തുടങ്ങുന്നതിന് അഫിലിയേഷൻ ലഭിച്ചിട്ടുള്ളതാണ്.

2001 – ൽ പൂർത്തിയാക്കി 2003 – ൽ പ്രവൃത്തി ആരംഭിച്ച ഈ കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി അപേക്ഷ ലഭിച്ചത് ഏതാണ്ട് 11 വർഷം കഴിഞ്ഞ് 27/3/2014 തിയതി എ2-2451/14 പ്രകാരമാണ്. . അപേക്ഷ പ്രകാരം നിലവിലുള്ള 2478.59 M2 കെട്ടിടത്തിന് പുറമേ 737.37 M2 കെട്ടിടം പണിയുന്നതിനാണ് അപേക്ഷ നൽകിയിട്ടുള്ളത്. ഇത് പരിശോധിച്ച് ഈ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് 7/4/14 ൽ കത്ത് നം എ2 2451/14 പ്രകാരം പഞ്ചായത്ത് ടി സ്ഥാപനത്തിനെ അറിയിച്ചിട്ടുണ്ട്. ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. KPBR 2011 ചട്ടം 37(1), 44(5), 47, 56(4), 56(6), 102,104, 104(4) എന്നിവ പാലിക്കുന്നില്ല.

2. 2017-18 വർഷത്തെ ഭൂമിയുടെ കൈവശാവകാശ രേഖ ഹാജരാക്കണം, (ഇതിൽ ഭൂമിയുടെ തരം -നിലം/പുരയിടം എന്നിവ ഹാജരാക്കിയിരിക്കണം)

3. സർവീസ് പ്ലാൻ , സീവേജ് പ്ലാൻ എന്നിവ ഹാജരാക്കണം

4. അപേക്ഷയിൽ സമർപ്പിച്ചിട്ടുള്ള ആധാര പ്രകാരമുള്ള സ്ഥലവും പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലവും തമ്മിൽ വ്യത്യാസം കാണുന്നു. ആയത് സംബന്ധിച്ച് ന്യൂനത പരിഹരിക്കേണ്ടതാണ്.

5. നിർമ്മാണം നടത്തിയിട്ടുള്ളത് CRZ മേഖലയിലായതിനാൽ KCZMA- യിൽ നിന്നും ക്ലിയറൻസ് വാങ്ങേണ്ടതാണ്.

6. ജില്ലാ ടൗൺ പ്ലാനറിൽ നിന്നുള്ള ലേ ഔട്ട് അപ്രൂവൽ വാങ്ങേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭിക്കാത്തതിനാൽ വീണ്ടും 21/3/2017- ൽ എ2451/14 കത്ത് പ്രകാരം പഞ്ചായത്ത് ടി സ്ഥാപനത്തിനെ അറിയിച്ചിട്ടുണ്ട്. ഇതിൽ ഏഴിക്കര ഗ്രാമപഞ്ചായത്ത് പറവൂർ വില്ലേജ് 173/18, 19,20,21 A,22,23, 24,174/!a, 1B, 18, 175/1 എന്നീ സർവേ നമ്പറുകളിൽ ഉൾപ്പെട്ട സ്ഥലത്ത്

നിർമ്മാണ ചട്ടങ്ങൾ ചട്ടം 37 1), 44(5), 47, 56 (4), 56 (6), 104, 104(4) എന്നിവയും തീരദേശ പരിപാലന നിയമം ബാധകമായതിനാൽ CRZ നിയമവും ലംഘിക്കുന്നതായും ടി കെട്ടിടത്തിന്റെ ക്രമവൽക്കരണം നടത്തുന്നതിന് ജില്ലാ ടൗൺ പ്ലാനറിൽ നിന്നുള്ള ലേ ഔട്ട് അപ്രൂവൽ ആവശ്യമായതിനാൽ ആയത് വാങ്ങുന്നതിനും ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിനും അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള പ്ലാനിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും മതിയായ സമയം അനുവദിക്കുകയും ഇതിൽ വീഴ്ച വരുത്തുന്നപക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 235 W(1), 235 AA എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും. കൂടാതെ ഇതിന് കെട്ടിട നികുതി ഈടാക്കാത്തതിനാൽ അത് ഈടാക്കണമെന്നും ബഹു. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം ഉണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

ഈ കത്തിനുള്ള മറുപടിയായി സ്ഥാപനം 7.4.2017 – ൽ പഞ്ചായത്തിൽ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ (അപേക്ഷ (No. A2- 3158/17) സമർപ്പിച്ചു. ഇത് പ്രകാരം 3148.04 M2 കെട്ടിടം ക്രമവൽക്കരിക്കാനാണ് അപേക്ഷിച്ചിട്ടുള്ളത്.

ഇത് പരിശോധിച്ച് 24/6/2017 -ൽ എ2 3158/17 മേൽ അപാകതകൾ ചൂണ്ടി കാണിച്ച് വീണ്ടും പഞ്ചായത്ത് ഈ സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട്. കത്ത് ലഭിച്ച് 15 ദിവസത്തിനകം കേരള പഞ്ചായത്ത് കെട്ടിട നിർമമാണ ചട്ടങ്ങൾ 2011- ൽ അനുശാസിക്കും പ്രകാരം കെട്ടിടം ക്രമവൽക്കരിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 235(w)(1), 235AA പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ഇതിന് കെട്ടിട നികുതി ഈടാക്കാത്തതിനാൽ അത് ഈടാക്കണമെന്നും ബഹു. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം ഉണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ ഈ കത്തിന് മറുപടി ലഭിക്കാത്തതിനാൽ 15-1-2018 – ലെ A2-3158/17 കത്ത് പ്രകാരം കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ നിരസിക്കുകയുണ്ടായി. ഈ കെട്ടിടം ഏഴിക്കര ഗ്രാമപഞ്ചായത്ത് പറവൂർ വില്ലേജ് 173/18, 19,20,21 A,22,23, 24,174/!a, 1B, 18, 175/1 എന്നീ സർവേ നമ്പറുകളിൽ ഉൾപ്പെട്ട സ്ഥലത്ത് നിർമ്മാണം ചട്ടങ്ങൾ ചട്ടം 37 1), 44(5), 47, 56 (4), 56 (6), 104, 104(4) എന്നിവയും തീരദേശ പരിപാലന നിയമം ബാധകമായതിനാൽ CRZ നിയമവും ലംഘിക്കുന്നതായും ടി കെട്ടിടത്തിന്റെ ക്രമവൽക്കരണം നടത്തുന്നതിന് ജില്ലാ ടൗൺ പ്ലാനറിൽ നിന്നുള്ള ലേ ഔട്ട് അപ്രൂവൽ ആവശ്യമായതിനാൽ ആയത് വാങ്ങുന്നതിനും ഉടമവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിനും ആപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള പ്ലാനിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും മതിയായ സമയം അനുവദിക്കുകയും അല്ലാത്ത പക്ഷം ഇതിൽ വീഴ്ച വരുത്തുന്നപക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 235 W(1), 235 AA എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനതാണ് കാണിച്ച് 24/6/2017 ലെ A2 – 3138/17 പ്രകാരം കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി കത്ത് നൽകിയിട്ടും ആയത് ഇതുവരെ ഹാജരാക്കിയില്ല. ഈ കാരണങ്ങൾ ചൂണ്ടി കാണിച്ചാണ് അപേക്ഷ നിരസിച്ചത്.

ഇതിനുള്ള മറുപടി ടി സ്ഥാപനം 9-2-2018 ന് താഴെ പറയും പ്രകാരം സമർപ്പിച്ചിട്ടുണ്ട് –
"കോളേജ് കെട്ടിടം അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടില്ല. ടി കെട്ടിടം 2001 – ൽ തറക്കല്ലിട്ട് പണി പൂർത്തിയാക്കി 2003 – ൽ പ്രവർത്തനം ആരംഭിച്ചതാണ്. ഈ കെട്ടിടത്തിന്റെ കുറച്ച് ഭാഗം പൂർത്തികരിക്കുവാൻ ബാക്കി നിറുത്തിയിരുന്നു. ആ വർഷങ്ങളിൽ ഏഴിക്കര പഞ്ചായത്തിൽ കെട്ടിട നിർമ്മാണ നിയമം ബാധകമല്ലായിരുന്നു. 26-3-2003 – ൽ അസ്സസ്സ്മെന്റ് നടത്തി KSEB – യിൽ കൊടുക്കുന്നതിന് വേണ്ടി Ownership Certificate നൽകിയിട്ടുള്ളതാണ്. 2003 – ൽ തന്നെ വൈദ്യുത കണക്ഷൻ ലഭിച്ചിട്ടുള്ളതും യൂണിവേഴ്സിറ്റി അംഗീകാരം ലഭിച്ച് പ്രവർത്തനം ആരംഭിച്ചതുമാണ്. 2008 – ൽ മാത്രമാണ് പഞ്ചായത്തിൽ KPBR ബാധകമായിട്ടുള്ളത്. അതിനു ശേഷം യാതൊരു Structural വ്യതിയാനങ്ങളും വരുത്തിയിട്ടുള്ളതല്ല. എന്നാൽ ആവശ്യമായ മെയിന്റനൻസ് വർക്കുകൾ കാലാകാലം ചെയ്തുവന്നിട്ടുള്ളതും പൂർത്തിയാക്കാതെ വെച്ചിരുന്ന കോളേജ് ബിൽഡിംഗ് മാത്രം

പൂർത്തികരിച്ചിട്ടുള്ളതുമാണ്. 2014 – ൽ കോളേജ് ബിൽഡിംഗിന് കിഴക്ക് തെക്ക് മാറി ഒരു അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് നിർമ്മിക്കുന്നതിനുള്ള അപേക്ഷ നൽകിയിരുന്നുവെങ്കിലും ആയതിന് പഞ്ചായത്ത് നിർദേശിച്ച നിബന്ധനകൾ അപ്രായോഗികമാകയാൽ ടി നിർമ്മാണം ഉപേക്ഷിക്കുകയാണ് ഉണ്ടായിട്ടുള്ളത്. അല്ലാതെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് അനധികൃതമായി നിർമ്മാണം നടത്തിയിട്ടില്ലാത്തതാകുന്നു. മേൽ ഉത്തരവ് അത്തരത്തിലുള്ള തെറ്റിദ്ധാരണയുടെ പുറത്ത് പുറപ്പെടുവിച്ചിട്ടുള്ളതാണെന്ന് മനസ്സിലാകുന്നു. കോളേജ് കെട്ടിടത്തിന് പടിഞ്ഞാറ് വശം കണ്ണൻ ചിറ എന്ന പൊതു വഴിയാണ്. അതിനു പടിഞ്ഞാറു വശം പുത്തൻ തോട് കനാൽ ആണ്. ക്രമവൽക്കരണത്തിനായി നൽകിയ പ്ലാനിൽ ഇത് ഉൾപ്പെടുത്താതെ River എന്ന് തെറ്റായി രേഖപ്പെടുത്തിയതാണ്. മേൽ കനാൽ 3 കിലോമീറ്ററോളം സഞ്ചരിച്ച് പെരിയാറിന്റെ കൈ വഴിയായ പറവൂർ പുഴയിൽ ചേരുന്നു. ആയതിനാൽ ടി കെട്ടിടം തീരദേശ പരിപാലനത്തിന്റെ പരിധിയിൽ വരുന്നതല്ല. തെറ്റുകൾ തിരുത്തിയ പ്ലാൻ ഇതോടൊപ്പം സമർപ്പിക്കുന്നു. ആയതിനാൽ 2003 – ൽ പണി തീർത്ത കെട്ടിടം KPBR 2011 ചട്ടം ലംഘിച്ചു എന്നു പറയുന്നതിൽ അടിസ്ഥാനമില്ല. ആയതിനാൽ മേൽ പറഞ്ഞ താല്ക്കാലിക ഉത്തരവ് റദ്ദാക്കണമെന്ന് അപേക്ഷിക്കുന്നു. "

വീണ്ടും പഞ്ചായത്ത് 24/1/2018 – ലെ ഉത്തരവ് നം A2-3158/17 പുറപ്പെടുവിച്ചു. ഇതിൽ ഈ സ്ഥാപനം നൽകിയ അപേക്ഷ അനധികൃത നിർമ്മാണമായതിനാൽ ടി കെട്ടിടം പൊളിച്ച് മാറ്റുന്നതിന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് എന്നും ഈ സാഹചര്യത്തിൽ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ചിട്ടുള്ള വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടത്തിന് താഴെ പറയും പ്രകാരം വസ്തുനികുതി അടക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

| ആകെ ഏരിയ | കെട്ടിട നമ്പർ | കാലയളവ് | വസ്തു നികുതി |
|---|---|---|---|
| 1585.46 M2 (Rs. 3/m2 (വിദ്യാഭ്യാസാവശ്യം) | 13/23 എ യു/എ | 2004-05 മുതൽ 2017-18 വരെ | 2,06,780 |
| 57.54 M3 (Rs.30/m2) (വാണിജ്യാവശ്യം) | 13/23 ബി യു/എ | 2004-05 മുതൽ 2017-18 വരെ | 66,710 |
| 792.73 M2 (Rs. 3/m2) (വിദ്യാഭ്യാസാവശ്യം) | 13/23 സി യു/എ | 2010 – 11 മുതൽ 2017-18 വരെ | 59,096 |
| 617.83m2 (3/m2) (വിദ്യാഭ്യാസാവശ്യം) | 13/23 ഡി യു/എ | 2015 – 16 മുതൽ 2017-18 വരെ | 17,277 |
| 92.48m2 (Rs.50/m2) (ഓഫീസ്) | 13/23 ഇ യു/എ | 2010 – 11 മുതൽ 2017-18 വരെ | 40,926 |
| | ആകെ | | 3,90,789 |

മേൽ ഉത്തരവിന് മറുപടിയായി 6/3/18 – ൽ 2/1553 നമ്പർ കത്ത് പ്രകാരം ഈ സ്ഥാപനം

പഞ്ചായത്തിന് നൽകിയ മറുപടിയിൽ ഇപ്രകാരം വ്യക്തമാക്കുന്നു.

വസ്തു നികുതി അടക്കാനുള്ള ഉത്തരവ് അനവസരത്തിലും വസ്തുതകൾക്ക് നിരക്കാത്തതുമാണ്. ടി കെട്ടിടം 2001 – ൽ തറക്കല്ലിട്ട് പണി പൂർത്തിയാക്കി 2003 – ൽ പ്രവർത്തനം ആരംഭിച്ചതാണ്. 26-3-2003 – ൽ അസ്സസ്സ്മെന്റ് നടത്തി KSEB – യിൽ കൊടുക്കുന്നതിന് വേണ്ടി Ownership Certificate നൽകിയിട്ടുള്ളതാണ്. എന്നാൽ ഇത് പ്രകാരം നികുതി നിർണ്ണയം നടത്തി ഞങ്ങളെ അറിയിച്ചതായോ ഡിമാന്റ് ചെയ്തതായോ കാണുന്നില്ല. 2008 – ൽ മാത്രമാണ് പഞ്ചായത്തിൽ KPBR ബാധകമായിട്ടുള്ളത് . ആയത് കൊണ്ട് അനധികൃത നിർമ്മാണത്തിന് നൽകുന്ന കെട്ടിട നമ്പറുകൾ ഇപ്പോൾ ടി കെട്ടിടത്തിന് നൽകുന്നത് അനുചിതവും നിയമവിരുദ്ധവും ആണ്. ഈ കെട്ടിടത്തിന് 26-3-03 – ൽ നൽകിയ Ownership Certificate – ൽ പരാമർശിച്ച പ്രകാരമുള്ള നമ്പർ VI/211/A എന്നാണ്. 3 വർഷത്തിനു മേലെയുള്ള കാലഹരണപ്പെട്ട നികുതി ഡിമാന്റ് ചെയ്യുന്നതിന് പഞ്ചായത്തിന് അവകാശമില്ലാത്തതാകുന്നു. 2010 – ൽ ന്യൂ ബ്ലോക്ക് എന്ന പേരിൽ നിലവിലുള്ള ബ്ലോക്കിനോട് ചേർത്ത് പണികഴിപ്പിച്ച കെട്ടിടഭാഗം മാത്രമേ ക്രമവൽക്കരിക്കപ്പെടാനുള്ളൂ. അതൊഴികെയുള്ള ഭാഗങ്ങൾ 2001 – ൽ പണി തുടങ്ങി 2003 – ൽ പൂർത്തികരിച്ചതാണ്. ആയതിനാൽ മേൽ നമ്പർ ഉത്തരവും ഡിമാന്റ് നോട്ടീസും പിൻവലിച്ച് ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

പഞ്ചായത്തിന്റെ 24/1/2018 – ലെ നം A2-3158/17 ഉത്തരവിന് എതിരെ ഈ സ്ഥാപനം 22/2/2018 -ൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ( BEFORE THE TRIBUNAL FOR LOCAL SELF GOVERMENT INSTITUTIONS THIRUVANANTHAPURAM) ഈ കേസിന്റെ നമ്പർ ലഭ്യമല്ല.

6/3/2018 ൽ സ്ഥാപനത്തിൽ നിന്നും മറുപടി ലഭിച്ചിട്ടും ഏതാണ്ട് 3 വർഷം കഴിഞ്ഞിട്ടും പഞ്ചായത്ത് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ ലഭ്യമല്ല.

വിദ്യാഭ്യാസാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് സർക്കാർ നിശ്ചയിച്ച മിനിമം നിരക്കായ ഒരു ചതുരശ്രമീറ്ററിന് 3 രൂപയാണ് പഞ്ചായത്ത് ഈടാക്കുന്നത് . ഇത് 8 രൂപ വരെ ഈടാക്കാവുന്നതാണ്. വീടുകൾക്ക് ചതുരശ്രമീറ്ററിന് 6 രൂപയാണ് ഈടാക്കുന്നത്. തീരെ വരുമാനം കുറഞ്ഞ പഞ്ചായത്തിന് വിദ്യാഭ്യാസാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കുള്ള ഇപ്പോഴത്തെ നിരക്ക് പുന:പരിശോധിക്കാവുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4, തീയതി. 13.02.2023) മറുപടി ലഭിച്ചില്ല.

1-13 ലക്ഷം വീട് വഴി കയ്യേറിയ പരാതി - നിലവിലെ അവസ്ഥ ലഭ്യമല്ല.

ശ്രീ കെ കെ ബാബു 28-5-22- ൽ പഞ്ചായത്തിന് നൽകിയ കത്തിൽ ഏഴിക്കര ഗ്രാമപഞ്ചായത്ത് 8- ാം വാർഡിൽ ചാത്തനാട് ലക്ഷം വീട് കോളനിയിൽ പരാതിക്കാരന്റെ വീടിന്റെ വടക്ക് ഭാഗത്ത് താമസിക്കുന്ന ഗോപാലൻ കണിയാം പറമ്പിൽ എന്നയാളും കേശവൻ മകൻ ജിബിൻ എന്നയാളും പഞ്ചായത്ത് വഴി കയ്യേറി കൈവശപ്പെടുത്തിയിരിക്കുന്നുവെന്നും. ഇവരെ ഒഴിപ്പിച്ച് വഴി വികസിപ്പിക്കണമെന്നും അപേക്ഷയിൽ പറയുന്നു.

ഇതിന്റെ തുടർ നടപടിയായി പഞ്ചായത്ത് 23-6-22-ൽ നോർത്ത് പറവൂർ തഹസിൽദാർക്ക് ഇത് സംബന്ധിച്ച് കത്ത് നൽകുകയും വസ്തു കയ്യേറ്റം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് ഇവരുടെ വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്തി നൽകാനും അപേക്ഷിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച തുടർ നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14, തീയതി.17.02.2023) മറുപടി ലഭിച്ചില്ല.

1-14 CRZ - മാനദണ്ഡങ്ങൾ പാലിക്കാതെ പണിത കെട്ടിടങ്ങളുടെ വസ്തു നികുതി സംബന്ധിച്ച്.

CRZ - മാനദണ്ഡങ്ങൾ പാലിക്കാതെ പണിത ധാരാളം വീടുകളും സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ നിലവിലുണ്ട്. ഇതിൽ പെർമിറ്റിന് അപേക്ഷിക്കാതെ പണി പൂർത്തിയായവയും പെർമിറ്റിന് അപേക്ഷിച്ചിട്ട് അപേക്ഷ നിരസിച്ചവയും ഏരിയ കൂടുതലായതിനാൽ ഒക്കുപൻസി നൽകാത്ത

കെട്ടിടങ്ങളും ഉണ്ട്. ഇവയുടെ വസ്തു നികുതി പഞ്ചായത്തിന് ലഭിക്കുന്നില്ല. നിസാര കാരണങ്ങളാൽ പോലും വസ്തു നികുതി ഈടാക്കുന്നില്ല എന്ന് കാണുന്നു. അതായത് കെട്ടിടത്തിന് അൽപം ഏരിയ കൂടിയതിന്റെ പേരിൽ മുഴുവൻ കെട്ടിടത്തിനും വസ്തു നികുതി ഈടാക്കുന്നില്ല. എന്നാൽ മുൻ വർഷങ്ങളിൽ ഇപ്രകാരമുള്ള പല കെട്ടിടങ്ങൾക്കും UA നം പ്രകാരം ഒക്കുപൻസി നൽകി വസ്തു നികുതി ഈടായിട്ടുണ്ട്.

നിലവിൽ CRZ - മാനദണ്ഡങ്ങൾ പാലിക്കാതെ പണിത കെട്ടിടങ്ങളുടെ മുഴുവൻ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ഇത് വ്യക്തമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഈ കെട്ടിടങ്ങൾക്ക് UA ഒക്കുപൻസി നൽകി വസ്തു നികുതി ഈടാക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. (എൻക്വയറി നം.5, തീയതി. 14.02.2023)

## 1-15 വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച്

ഏഴിക്കര ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഭീമമായ വെള്ളക്കരം കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ളതായി കാണുന്നു. വാട്ടർ ബില്ലിലെ അപാകതകൾ താഴെ ചേർക്കുന്നു. 03/2022ലെ ബിൽ നമ്പർ 61202 പ്രകാരമുള്ള വാട്ടർ ബില്ല് പ്രകാരം 5,71,64,789/- കുടിശ്ശികയുണ്ട്.

വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഓപ്പണിംഗ് ബാലൻസ് (1-4-21) | 4,48,42,155 |
| ഫൈൻ | 1,19,05,580 |
| ഡിമാന്റ് ( 1,12,557 X 6,92,802 X 6 ) | 12,32,154 |
| ആകെ | 57979889 |
| അടച്ചത് | (-)8,15,100 |
| ബാലൻസ് (31-3-22) | 5,71,64,789 |

തനത് വർഷം ഫൈൻ ഇനത്തിൽ മാത്രം 1,19,05,580/- രൂപയാണ് വാട്ടർ അതോറിറ്റിക്ക് നൽകേണ്ടത്. എന്നാൽ ആകെ ഡിമാന്റ് ഒരു വർഷം 12,32,154/- മാത്രമാണ്. അതായത് ആകെ നൽകാനുള്ള 5,71,64,789/- രൂപയിൽ 90% ഫൈൻ ആണ് എന്ന് കാണുന്നു.

ആകെ കുടിശിക 5,71,64,789/- രൂപയാണെങ്കിലും വാർഷിക കണക്കുകൾ പ്രകാരം 3,73,46,697/- രൂപ മാത്രമാണ് ലയബിലിറ്റിയായി കാണിച്ചിട്ടുള്ളത്.

വാട്ടർ അതോറിറ്റിയുടെ 5-9-2022 - ബില്ല് നം 66429 പ്രകാരം ആകെ കുടിശിക 6,47,44,193/- രൂപയായിരുന്നു. ഇതിൽ നിന്നും വാട്ടർ അതോറിറ്റിയുടെ 27-9-22 - ലെ 28455/(RMC)/22/കെ ഡബ്ല്യു എ ഉത്തരവ് പ്രകാരം 3,53,68,045/- രൂപ പിഴ പലിശയിനത്തിൽ കുറവ് ചെയ്ത് നൽകിയിട്ടുണ്ട്. ബാലൻസ് നൽകാനുള്ള തുക 2,93,76,148/- രൂപയാണ്. കുടിശ്ശിക അടച്ച് തീർക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13, തീയതി.16.02.2023) മറുപടി ലഭിച്ചില്ല.

## 1-16 അങ്കണവാടി പോഷകാഹാര വിതരണം അപാകത

2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് ചൂർണ്ണിക്കര അമൃതം ഫുഡ് സപ്ലിമെന്റ് (Common Facility Centre, Choornikkara),അമൃതം ഫുഡ് സപ്ളിമെന്റ് യൂണിറ്റ്,കരിയാട് എന്നീ യൂണിറ്റാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)-ലെ ക്രമ നം. 66 ക്ലോസ് (B) (li) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ

ഏഴിക്കര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| (പ്രോജക്ട് നം-38/21-22) | | | | |
|---|---|---|---|---|
| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം(Common Facility Centre,Choornikkara) | ബിൽ തുക | ചുമത്തിയ ജി.എസ്.ടി | ചെലവ് വിവരം |
| 1 | 20/27.03.21 | 79255 | 3774 | Ch No. 1.069467/02.7.21 2.136505/2.7.21 |
| 2 | 24/28.04.21 | 79507 | 3786 | |
| 3 | 28/10.6.21 | 84733 | 3980 | |
| 4 | 35/14.07.21 | 86551 | 4120 | Ch No. 071534/20.10.21 |
| 5 | 39/5.08.21 | 82525 | 3928 | |
| 6 | 44/13.9.21 | 82272 | 3916 | 074976/29.12.21 |
| 7 | 46/11.10.21 | 80279 | 3822 | BRN110699/11.2.22 |
| 8 | 54/19.11.21 | 82021 | 3904 | BRN110699/11.2.22 |
| | Proj No. 200/21-22 | | | |
| 1 | 112/22.2.22<br>അമൃതം ഫുഡ് സപ്ളിമെന്റ് യൂണിറ്റ്,കരിയാട് | 83226 | 3910 | BRN382624/18.3.22 |
| 2 | 312/27.12.21<br>(മൃദുല ഫുഡ് പ്രോഡക്ട്സ്,മൂവാറ്റുപുഴ) | 82173 | 3860 | " |
| | ആകെ | | 39000 | |

അംഗൻവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ അംഗൻവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11/16.2.2023)രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല.ഓഡിറ്റിനെ നേരിട്ട് അറിയിച്ചത് പ്രകാരം വനിത ശിശു വികസന ഡയറക്ടറുടെ 18.08.2021 ലെ ICDS B3/13220/21 നമ്പർ കത്തിൽ പ്രകാരം അമൃതം ന്യൂട്രിമിക്സ് വിതരണത്തിൽ ജി.എസ്.ടി ഒഴിവാക്കാൻ സാധിക്കുമോ എന്ന വിഷയത്തിൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യമാണെന്ന് കേന്ദ്രസർക്കാരിൽ നിന്ന് ഒരു സ്പഷ്ടീകരണം ലഭ്യമാകുന്നത് വരെ സ.ഉ.(സാധാ) നം. 1450/2018/തസ്വഭവ. തീയതി 25.05.2018 പാലിക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്.ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

### 1-17 സ്വയംതൊഴിലിന് ഇരുചക്രവാഹനം നൽകിയതിലെ അപാകത

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 31/22,സ്വയംതൊഴിലിന് ഇരുചക്രവാഹനം നൽകുന്നത് |

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ അടങ്കൽ | 400000/-രൂപ |
| ആകെ ചെലവ് | 185886/- രൂപ(പ്ലാൻ ഫണ്ട്) |
| ബിൽ നമ്പർ/തീയതി/ തുക- | 15/20.12.21- 34750/-, 19/04.02.22- 37994/-, 22/05.03.22- 37324/-, 24/11.03.22- 39523/- 26/26.03.22- 36295/- |

ഏഴിക്കര ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി 2021-22 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ പട്ടിക ജാതി വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഇരുചക്രവാഹനം വാങ്ങുന്നതിന് 5 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.(എൻക്വയറി നം.1, തീയതി. 09.02.2023)

1) പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയെങ്കിലും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് മാർക്ക് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

2) പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തിയതിന്റെ വിവരം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) ഗുണഭോക്താക്കളുമായി കരാർ വെയ്ക്കുന്നതിന് മുദ്രപത്രം വാങ്ങി ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പൂരിപ്പിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ അപാകത ഇല്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-18 തുടർ സാക്ഷരത പദ്ധതിയിലെ അപാകത

| | |
|---|---|
| പ്രോജക്ടിൻെറ പേര് | തുടർ സാക്ഷരത |
| പ്രോജക്ട് നമ്പർ | 19/21-22 |
| അടങ്കൽ | 93900/- |
| ചെലവ് | 35200/-(തനത് ഫണ്ട്) |
| ചെക്ക് നമ്പർ നം./തീയതി, | 14/21-22/ 26.03.22- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ ഗവ.എൽ.പി സ്കൂൾ |

ഹെഡ് മാസ്റ്റർ ഗവ.എൽ.പി സ്കൂൾ ഏഴിക്കര നിർവഹണം നടത്തിയ തുടർ സാക്ഷരത പ്രോജക്ടുകളിലെ പത്താം ക്ലാസിലേക്ക് 4 കുട്ടികൾക്കും പ്ലസ് വണിൽ 11 കുട്ടികൾക്കും കോഴ്സ് ഫീസ്, ഫൈൻ, സൂപ്പർ ഫൈൻ, ബാങ്ക് ചാർജ്ജ് എന്നിവയുൾപ്പെടെ 35200/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ കുട്ടികൾ പരീക്ഷ എഴുതിയതിന്റെ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2, തീയതി. 09.02.2023) മറുപടി ലഭിച്ചിട്ടില്ല. മേൽ വിദ്യാർത്ഥികൾ പരീക്ഷ പാസ്സായോ അതോ പരീക്ഷ എഴുതാതിരിക്കുകയോ ചെയ്തോ എന്ന് അറിയുന്നതിന് ഫയലിൽ യാതൊരു രേഖപ്പെടുത്തലും കാണുന്നില്ല. മേൽ വിദ്യാർത്ഥികളുടെ പരീക്ഷ സംബന്ധിച്ച വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. പരീക്ഷ രജിസ്ട്രേഷൻ, പരീക്ഷ പാസായതിന്റെ രേഖകൾ തുടങ്ങിയവ ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

### 1-19 ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ(ജനറൽ) അപാകത

| | |
|---|---|
| പ്രൊജക്ട് നമ്പർ | 87/22 ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ-ജനറൽ |

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ |
| ആകെ അടങ്കൽ | 10,00,000/-രൂപ |
| ആകെ ചെലവ് | 2,00,000/- രൂപ(പ്ലാൻ ഫണ്ട്)<br>ബിൽ നമ്പർ-1/തീയതി-13.09.21 |

വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ(ജനറൽ) പ്രകാരം ഒരു ഗുണഭോക്താവിന് 200000/-രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 91 ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നു. എന്നാൽ ക്രമ നമ്പർ 79 ൽ ഉൾപ്പെട്ടിരിക്കുന്ന ശ്രീമതി സുനിത ഷാഫിയെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്തത്. ക്രമ നമ്പർ 78 വരെ ഉൾപ്പെട്ടിരിക്കുന്ന ഗുണഭോക്താക്കളെ പരിഗണിക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

2) ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ വ്യക്തി 30.01.2021 തീയതിയിലാണ് വസ്തു വിൽപ്പന കരാറിൽ ഏർപ്പെട്ടതും 05.03.2021 ൽ വസ്തുവിന്റെ ആധാരം സ്വന്തം പേരിൽ രജിസ്ട്രേഷൻ നടപടി പൂർത്തീകരിച്ചതും. അതായത് 2020-21 സാമ്പത്തിക വർഷം വാങ്ങിയ വസ്തുവിനാണ് 2021-22 സാമ്പത്തിക വർഷം പ്രോജക്ട് നടപ്പിലാക്കി തുക അനുവദിച്ചത്.

3) പദ്ധതിയിൽ 1000000/- രൂപ വകയിരുത്തിയെങ്കിലും ഒരു ഗുണഭോക്താവ് മാത്രം സ്ഥലം വാങ്ങിയതിനാൽ 200000/-രൂപ മാത്രമാണ് ചെലവ് വന്നത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 6/14.02.2023 നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-20 വീട് പണി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ / പേര് | എസ് 0102/ വീട് വാസ യോഗ്യമാക്കൽ (എസ്.സി) |
| അടങ്കൽ | 5600000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| ചെലവ് വിവരം | 41,10,000 |

2021-22 വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിക്കുന്നതിന് തുക അനുവദിച്ചിരുന്നു. ഇതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

| ഗുണഭോക്താവിന്റെ പേര് വിവരം | തുക ചെലവഴിച്ചത് |
|---|---|
| സജീവൻ എം.കെ<br>മാവേലിപ്പറമ്പിൽ<br>വാർഡ്-9<br>ഏഴിക്കര | 3,50,000<br>ലിന്റൽ വരെ<br>തുക<br>അനുവദിച്ച |
| ബിനീഷ് കൊയ്<br>കാര്യപ്പാടം<br>വാർഡ്-6<br>ഏഴിക്കര | 3,95,000 |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 8/15.02.2023 നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-21 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 01/22,ഐ.കെ.എം ന് അടയ്ക്കേണ്ട വിഹിതം നൽകൽ |
| നിർവ്വഹണം | സെക്രട്ടറി |
| ആകെ അടങ്കൽ | 59990/-രൂപ |
| ആകെ ചെലവ് | 59990/-രൂപ<br>ബിൽ നമ്പർ/തീയതി-40/2021-22 /19.07.2021 |

2021-22 സാമ്പത്തിക വർഷം ഐ.കെ.എം ന് 59990/-രൂപ ചെലവ് വന്നിട്ടുണ്ട്. വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 12/16.02.2023 നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 59990 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 47532 | 126/22 കോവിഡ് പ്രോജക്റ്റുകൾ | 47532 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ,, | 1000000 | 85/22, ലൈഫ് ഭവനം (ജനറൽ) | 1000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ,, | 460000 | 88/22, ലൈഫ് ഭവനം (എസ്.ടി) | 460000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ,, | 100000 | 33/22, പാൽ വില സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ,, | 304550 | 141/22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 304550 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ,, | 837284 | 48/22 പൊക്കാളി കൃഷി കൂലിചെലവ് | 837284 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ,, | 20000 | 09/22, ജനകീയ ഹോട്ടൽ | 20000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 150000 | 177/22,പാലിയേറ്റീവ് കെയർ | 150000 | |
| ബ്ലോക്ക് പഞ്ചായത്ത് | | 99827 | 27/22,പാലിയേറ്റീവ് കെയർ | 99827 | |
| ബ്ലോക്ക് പഞ്ചായത്ത് | | 248598 | | 248598 | |
| ആകെ | | 3267791 | | 3267791 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 280000 | 85/22, ലൈഫ് ഭവനം (ജനറൽ) | 280000 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 195900 | 185/22,പാലിയേറ്റീവ് കെയർ | 195900 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 500000 | 35/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 830000 | 48/22 പൊക്കാളി കൃഷി കൂലിചെലവ് | 830000 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 972311 | 67/22, മണ്ണിട്ടുതറ റോഡ് | 972311 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 1500000 | 148/22, കണ്ടേക്കാവ് ക്ഷേമോദയം റിനവേഷൻ | 1500000 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 667239 | 149/22, കല്ലുചിറ റോഡ് | 667239 | 0 |
| ആകെ | | 4945450 | | 4945450 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ, 31/22 | വൗച്ചർ നമ്പർ- 22101116/ 23.03.2022 | 540888 |
| കെ എസ് ഇ ബി | ലൈൻ വലിയ്ക്കൽ,31/22 | വൗച്ചർ നമ്പർ- 22101165/ 31.03.2022 | 79898 |
| ആകെ | | | 620786 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം., തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ (ലൈഫ് ഭവന പദ്ധതി) | സ.ഉ (സാധാ.) 124/18 , ത.സ്വ.ഭ.വ, 11.09.2018 | - | 7920435 | 997334 | 0 | 6923101 |

പൊതുവിഭാഗം വികസന ഫണ്ട്, പ്രത്യേക ഘടകപദ്ധതി വിഹിതം എന്നിവയുടെ സ്രോതസ്സിൽ നിന്നാണ് വായ്പ തിരിച്ചടവ് തുക കുറയ്ക്കുന്നത്.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,68,32,224 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,85,91,327 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 95190 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 59990 | ശ്രീ അബ്ദുൾ ഹക്കീം,സെക്രട്ടറി |
| 1-18 | 35200 | ശ്രീമതി ആനി മാത്യു, ഹെഡ്മിസ്ട്രസ് |
| ആകെ | 95190 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീ അബ്ദുൾ ഹക്കീം സെക്രട്ടറി | സെക്രട്ടറി, കീഴ്മാട് ഗ്രാമപഞ്ചായത്ത് | സുഹൈൽ മൻസിൽ, ചന്തപ്പുര, വടക്കഞ്ചേരി പിഒ, 678683 |
| 2 | ശ്രീമതി ആനി മാത്യു, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ് മലേകാട് | ചിറപ്പാട്ട്, കണ്ടനാട് പി ഒ- 682305 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗികമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളു. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിരുന്ന നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ സംബന്ധിച്ച നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.-ഇ.കെ.എം(പി12)511/18 തീയതി 22.05.18 |

| | |
|---|---|
| 1997-98 ചെലവ് | കെ.എസ്.എ.-ഇ.കെ.എം(പി12)511/18 തീയതി 22.05.18 |
| 1998-99 ചെലവ് | എൽ.എഫ്.ഇ (പി2)852/05, തീയതി.26.5.06 |
| 1999-2000 ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2000-01 പദ്ധതി ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2001-02 പദ്ധതി ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2002-03 വരവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2002-03ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2006-07 | എൽ.എഫ്.ഇ (പി2)719//07, തീയതി.30.01.08 |
| 2007-08 | എൽ.എഫ്.ഇ (പി2)11/09, തീയതി.07.09.09 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.ഇ(പി2)1842/11,തീയതി.23.11.11 |
| 2011-12 | എൽ.എഫ്.ഇ (പി2)1064/13, തീയതി.16.08.13 |
| 2012-13 | എൽ.എഫ്.ഇ (പി10)24/15, തീയതി.11.02.15 |
| 2013-14&<br>2014-15& | എൽ.എഫ്.ഇ (പി10)234/16, തീയതി.15.02.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.12)2056/2016, തീയതി 07.12.16 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി.12)1893/2017, തീയതി 14.05.18 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി12)337/2019, തീയതി 05.07.19 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(പി.12)140/2020 തീയതി 3.3.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(പി.12)1381/2021 തീയതി.06.01.2022 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം(പി.12)1382/2021 തീയതി.06.01.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്